**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **07-10-2021 - ൽ മറുപടിയ്ക്ക്**

**പാനൂർ താലൂക്ക് ആശുപത്രിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാനൂർ താലൂക്ക് ആശുപത്രിക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികളുടെ കാലതാമസം പരിഹരിക്കുന്നതിന് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ; | (എ) | പാനൂർ താലൂക്ക് ആശുപത്രിക്ക് വേണ്ടി തലശ്ശേരി താലൂക്കിലെ പാനൂർ വില്ലേജിലെ റിസ നം.128/1, 128/2എ, 128/2ബി യിൽപ്പെട്ട 78.7 ആർസ് ഭൂമി 2013 ലെ എൽ.എ.ആർ. ആർ.ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് കണ്ണൂർ ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം) സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ 05.08.2020 - ലെ സ.ഉ.(സാധാ) നം. 2517/2020/ആർ.ഡി പ്രകാരം അനുമതി നല്കിയിട്ടുള്ളതാണ്. ആയത് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുകയും 11(1) വിജ്ഞാപനം 19/11/2020-ലെ DCKNR/ 2753/2020/സി1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള താണ്. എൽ.എ.ആർ.ആർ ചട്ടം 4(6) പ്രകാരം സ്ഥലമെടുപ്പിനായുള്ള നഷ്ടപരിഹാര തുക മുഴുവൻ അർത്ഥനാധികാരി ലാന്റ് അക്വിസിഷൻ ഓഫീസറുടെ ശീർഷകത്തിൽ കെട്ടി വെച്ചാൽ മാത്രമെ 19(1) പ്രഖ്യപനം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുകയുള്ളു. അപ്രകാരം നഷ്ടപരിഹാരത്തുകയായ 13 കോടി രൂപ കെട്ടിവെക്കാത്തതിനാൽ 19(1) പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (ബി) | സ്ഥലമെടുപ്പ് നടപടി എപ്പോൾ പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്താമോ? | (ബി) | അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറക്ക് 19(1) പ്രഖ്യാപനം പ്രസിദ്ധീകരിച്ച് അവാർഡ് പാസ്സാക്കി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ